II ഇ.ബി. XII കേരള നിയമസഭ/XV-17

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

## 2010 ജൂലൈ 21, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

56 (*481)**പട്ടണങ്ങളുടെ പശ്ചാത്തലസൗകര്യ വികസനം**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി കേന്ദ്ര സർക്കാർ 2005-06-ൽ ആരംഭിച്ച ഏഴ് വർഷ കാലയളവുള്ള അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീം ഫോർ സ്മാൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT) എന്ന സ്കീമിൽ കുടിവെള്ളം, സ്വീവറേജ്, ഖരമാലിന്യ സംസ്ക്കരണം, മലിനജല നിർമ്മാർജ്ജനം, പാർക്കിംഗ് സ്ലോട്ടുകളുടെ നിർമ്മാണം, ജലസംരക്ഷണം തുടങ്ങിയ പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. UIDSSMT -മായി ബന്ധപ്പെട്ട് സംസ്ഥാനതല സാംഗ്ഷനിംഗ് കമ്മിറ്റി (SLSC) യുടെ മുമ്പാകെ സമർപ്പിച്ച 34 പദ്ധതികളിൽ 25 എണ്ണത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര, ആറ്റിങ്ങൽ, പുനലൂർ, ചങ്ങനാശ്ശേരി, പത്തനംതിട്ട, പെരിന്തൽമണ്ണ, കൊയിലാണ്ടി, ആലപ്പുഴ, നെടുമങ്ങാട്, നോർത്ത് പരവൂർ, ആലുവ എന്നീ നഗരസഭകളെ

ഖരമാലിന്യ സംസ്ക്കരണ പദ്ധതിയിലും പയ്യന്നൂർ, ആലപ്പുഴ, ഗുരുവായൂർ, ചാവക്കാട്, തലശ്ശേരി, വടകര, കൽപ്പറ്റ, പെരിന്തൽമണ്ണ, ചിറ്റൂർ-തത്തമംഗലം, ചങ്ങനാശ്ശേരി, തിരുവല്ല, ഒറ്റപ്പാലം, മലപ്പുറം എന്നീ നഗരസഭകളെ കുടിവെള്ള പദ്ധതിയിലും ചാലക്കുടി നഗരസഭയെ സ്വീവറേജ് പദ്ധതിയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികൾ നടപ്പാക്കുന്നതിനായി നഗരസഭകൾ നാളിതുവരെ 41.419 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും തർക്കമില്ലാത്ത സ്ഥലം കണ്ടെത്തി ഓരോ പ്രദേശത്തേയും ബന്ധപ്പെട്ട സ്ഥാപനങ്ങൾ പദ്ധതികൾ സമർപ്പിക്കുകയാണെങ്കിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താവുന്നതാണെന്നും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വികേന്ദ്രീകൃത രീതിയിലുള്ള പദ്ധതികൾ തയ്യാറാക്കണമെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാവുന്നതാണെന്നും ഈ പദ്ധതിയിൽ റോഡ് പുനരുദ്ധാരണ പദ്ധതികൾ നയപരമായി അംഗീകരിച്ചിട്ടില്ലെന്നും കേന്ദ്രഗവൺമെന്റ് നഗരസഭ വികസന പദ്ധതികൾക്ക് അനുവദിക്കുന്ന ഫണ്ട് പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടെന്നും 31 നഗരസഭകളുടെ മാസ്റ്റർ പ്ലാൻ ഈ ആഴ്ചയിൽത്തന്നെ പ്രസിദ്ധീകരിക്കുമെന്നും മന്ത്രി അറിയിച്ചു. കണ്ണൂർ കന്റോൺമെന്റ് ഭാഗത്തെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് നടപടി സ്വീകരിക്കുന്നതാണ്. വികേന്ദ്രീകരണം ശക്തിപ്പെടുത്തി ഓരോ ജില്ലയിലും പരമാവധി മാലിന്യങ്ങൾ സംസ്ക്കരിക്കാൻ കഴിയുന്ന രീതിയിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും കോട്ടയത്തെ മാലിന്യസംസ്ക്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആലപ്പുഴയിലെ കനാൽ സൗന്ദര്യവൽക്കരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സഹായം ചെയ്യുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

ആലപ്പുഴ, പയ്യന്നൂർ, കൽപ്പറ്റ, ഗുരുവായൂർ, വടകര, ചാവക്കാട്, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം, ചങ്ങനാശ്ശേരി എന്നീ നഗരസഭകളിലെ 9 പുതിയ പദ്ധതികളും തലശ്ശേരി, മലപ്പുറം, പെരിന്തൽമണ്ണ, തിരുവല്ല എന്നീ നഗരസഭ കളിലെ 4 നവീകരണ പദ്ധതികളുമടക്കം 339.43 കോടി രൂപ അടങ്കലുള്ള 13 കുടിവെള്ള പദ്ധതികൾക്കാണ് അനുമതി ലഭിച്ചതെന്നും ഇവയിൽ പയ്യന്നൂർ നഗരസഭയുടേയും ആലപ്പുഴ നഗരസഭയുടേയും കുടിവെള്ള പദ്ധതികളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മറ്റ് 11 പദ്ധതികൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടറിംഗ് എന്നീ ഘട്ടങ്ങളി ലാണെന്നും ഗുരുവായൂർ കുടിവെള്ള പദ്ധതിയുടെ ടെൻഡർ നടപടിക ളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണെന്നും കൊച്ചിയിലെ JNNURM കുടിവെള്ള പദ്ധതിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പുരോഗതി യിലാണെന്നും ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടെന്നും തിരുവനന്തപുരത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പുരോഗമിക്കു ന്നുണ്ടെന്നും ചില പ്രാദേശിക പ്രശ്നങ്ങളുണ്ടായതുകൊണ്ട് പൈലറ്റ് പ്രോജക്ടായി തീർക്കാൻ തീരുമാനിച്ച UIDSSMT പദ്ധതിയിൽപ്പെട്ട പയ്യന്നൂർ വാട്ടർ സപ്ലൈ സ്കീം ഇപ്പോൾ ഏതാണ്ട് നിലച്ച മട്ടിലാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ജലവിഭവ വകുപ്പുമന്ത്രി സഭയെ അറിയിച്ചു.

57 (*482) <u>ഓണം വാരാഘോഷ പരിപാടികൾ</u>

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പു മന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ,

ഈ വർഷത്തെ സംസ്ഥാനതല ഓണാഘോഷ പരിപാടികൾ വിജയകരമായി സംഘടിപ്പിക്കുന്നതിനായി മുഖ്യമന്ത്രി മുഖ്യ രക്ഷാധികാരിയായി ജനറൽ കമ്മിറ്റിയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന 10 ഫങ്ഷണൽ കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചുവെന്നും ആഗസ്റ്റ് 22-ന് ആരംഭിച്ച് 28-ാം തീയതി ഓണം ഘോഷയാത്രയോടുകൂടി പരിപാടികൾ സമാപിക്കുന്നതാണെന്നും സഭയെ അറിയിച്ചു. തിരുവനന്തപുരത്ത് 16 വേദികളിലായി വിവിധ കലാപരിപാടികളോടുകൂടി സംഘടിപ്പിക്കുന്ന വാരാഘോഷ പരിപാടികൾ നടക്കുന്ന വെള്ളയമ്പലം മുതൽ എൽ.എം.എസ് ജംഗ്ഷൻവരെയുള്ള പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആഘോഷ പരിപാടികളോടൊപ്പംതന്നെ ഫുഡ് ഫെസ്റ്റിവൽ, ട്രേഡ് ഫെയർ എന്നിവ സംഘടിപ്പിക്കുന്നതിനും വെള്ളയമ്പലം മുതൽ കിഴക്കേക്കോട്ട വരെയുള്ള സർക്കാർ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ആകർഷകമായ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനും ഓണം ഘോഷയാത്രയിൽ വിവിധ വിഷയങ്ങൾ ആധാരമാക്കിയുള്ള ആകർഷകമായ ഫ്ളോട്ടുകൾ ഒരുക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രത്യേകം തുക വിനിയോഗിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും സംസ്ഥാനതല ഓണാഘോഷത്തിൽ ക്ലാസിക്കൽ മ്യൂസിക്, ക്ലാസിക്കൽ ഡാൻസ്, ഗാനമേള, നാടകം, കഥകളി, കഥാപ്രസംഗം, കളരിപ്പയറ്റ്, നാടൻ കലകൾ, വാദ്യമേളങ്ങൾ എന്നിവയും ടി.വി. ചാനലുകളും അച്ചടി മാദ്ധ്യമങ്ങളും അവതരിപ്പിക്കുന്ന മെഗാഷോയും സംഘടിപ്പിക്കുന്നതാണെന്നും സംസ്ഥാനതലത്തിൽ ഓണാഘോഷ പരിപാടി

കൾ സംഘടിപ്പിക്കുന്നതിന് 1 കോടി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ഓണാഘോഷത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ആഗസ്റ്റ് 23 മുതൽ 27 വരെ ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതാണെന്നും ജില്ലാതല ആഘോഷങ്ങളിൽ വ്യത്യസ്തങ്ങളായ കലാ പരിപാടികളാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. ആറന്മുള ഉത്തൃട്ടാതി വള്ളംകളിയെ ഓണാഘോഷ പരിപാടികളുടെ ഭാഗമാക്കുന്നതിനെക്കുറിച്ച് പ്രത്യേകം പരിശോധിക്കാവുന്നതാണെന്നും ഓണഘോഷത്തോടനുബന്ധിച്ച് പുഷ്പ-ഫലപ്രദർശനവും മറ്റ് സംസ്ഥാനങ്ങളിലെ കലാകാരന്മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടികളും സംഘടിപ്പിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

58 (*483) <u>**ഇൻഫർമേഷൻ കേരള മിഷൻ**</u>

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിലെ 1223 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ്, ജില്ലാ പ്ലാനിംഗ് ഓഫീസുകൾ, അർബൻ അഫയേഴ്സ്-പഞ്ചായത്ത് വകുപ്പുകളുടെ ഡയറക്ടറേറ്റുകൾ, ജില്ലാ റീജിയണൽ ഓഫീസുകൾ എന്നിവയിൽ ഇ-ഗവേണൻസ് നടപ്പിലാക്കുക എന്നതാണ് ഇൻഫർമേഷൻ കേരള മിഷന്റെ പ്രധാന ഉദ്ദേശമെന്ന് സഭയെ അറിയിച്ചു. മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ‘സുഗമ സോഫ്റ്റ് വെയർ’ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വിന്യസിക്കുകയും വസ്തു നികുതി വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്ന പ്രവർത്തനം തിരുവനന്തപുരം നഗരസഭയിൽ പൂർത്തീകരിക്കുകയും എല്ലാ

നഗരസഭകളുടേയും ഭൂപടങ്ങള്‍ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റില്‍ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെന്‍ഷനുകള്‍ കമ്പ്യൂട്ടര്‍ ഉപയോഗിച്ച് ഇലക്ട്രോണിക് മണി ഓര്‍ഡര്‍ മുഖേന വിതരണം ചെയ്യുന്നതിനുള്ള 'സേവന പെന്‍ഷന്‍' സോഫ്റ്റ് വെയര്‍ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വിന്യസിക്കുകയും എല്ലാ നഗര സഭകളിലും (2009 മുതല്‍) 833 ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടര്‍ ഉപയോഗിച്ച് പെന്‍ഷന്‍ വിതരണം നടത്തിവരികയും ചെയ്യുന്നു. ഈ വര്‍ഷം ജനന/മരണ സര്‍ട്ടിഫിക്കറ്റുകള്‍ ഓണ്‍ലൈന്‍വഴി ലഭ്യമാക്കാനും പഞ്ചായ ത്തുകളിലും മുനിസിപ്പാലിറ്റികളിലും കെട്ടിട നിര്‍മ്മാണ പെര്‍മിറ്റ് നല്‍കുന്നത് കമ്പ്യൂട്ടര്‍വല്‍ക്കരിക്കുന്നതിനും മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് കമ്പ്യൂട്ട റിലൂടെ തയ്യാറാക്കുന്നതിനും പഞ്ചായത്തുകളിലേയും നഗരസഭകളിലേയും റവന്യൂ സംവിധാനങ്ങള്‍ കമ്പ്യൂട്ടര്‍വല്‍ക്കരിച്ച് വിവരങ്ങള്‍ വെബ്സൈറ്റില്‍ ലഭ്യമാക്കുന്നതിനും ഇലക്ട്രോണിക് പേമെന്റ് മുഖേന ഇന്റര്‍നെറ്റിലൂടെ കെട്ടിട നികുതി അടയ്ക്കുന്നതിനും മൊബൈല്‍ ഗവേണന്‍സ് സംവിധാനം നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. തദ്ദേശസ്ഥാപനങ്ങളെ സംസ്ഥാന ഇ-ഗവേണന്‍സ് ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കാന്‍ ബി.എസ്.എന്‍.എല്‍-മായി ചേര്‍ന്ന് ഒരു പദ്ധതി തയ്യാറാക്കി യിട്ടുണ്ടെന്നും അത് മൂന്ന് മാസംകൊണ്ട് തദ്ദേശസ്ഥാപനങ്ങളുടെ സഹകര ണത്തോടെ പൂര്‍ത്തീകരിക്കാനും കെട്ടിട നിര്‍മ്മാണ പെര്‍മിറ്റ് നല്‍കുന്നതിലെ അഴിമതി ഇല്ലാതാക്കി കൂടുതല്‍ സുതാര്യമാക്കാനും ഉദ്ദേശിക്കുന്നുണ്ടെന്നും കമ്പ്യൂട്ടര്‍വല്‍ക്കരണവുമായി ബന്ധപ്പെട്ട് വന്‍കിട കമ്പനികള്‍ തദ്ദേശഭരണ സ്ഥാപനങ്ങളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി സഭയെ മന്ത്രി അറിയിച്ചു.

59 (*484) **<u>ട്രോളിംഗ് നിരോധിത കാലത്തെ തൊഴിൽ സംരക്ഷണം.</u>**

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, 2007-ലെ കേരള വർഷകാല മത്സ്യബന്ധന (സമുദ്രോ പരിതലം) സംരക്ഷണ ആക്ട് പ്രകാരം ട്രോളിംഗ് നിരോധന കാലയളവിലും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്ന തിനുള്ള അനുമതി നൽകിയിട്ടുണ്ടെന്നും ഈ നിയമം നടപ്പിലാക്കിയത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനു വേണ്ടിയാണെന്നും സഭയെ അറിയിച്ചു. പുതിയ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ ട്രോളിംഗ് നിരോധന കാലയളവിൽ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പോലീസ്, ഫിഷറീസ് വകുപ്പിലെ ഇംപൗണ്ടിംഗ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ കടൽ പട്രോളിംഗ് കർശനമായി നടപ്പിലാക്കുന്നുണ്ട്. ഈ വർഷം ട്രോളിംഗ് നിരോധന കാലത്ത് ഇതുവരെ നിയമലംഘനം നടത്തിയതായി റിപ്പോർട്ടു കളൊന്നും ലഭിച്ചിട്ടില്ലെന്നും ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായമൊന്നും ലഭിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4604 മുതൽ 4867 വരെയുള്ള ചോദ്യങ്ങളിൽ 141 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)